(ഡി) നാല്പ ലക്ഷം മണ്ട്.

(ഇ) അഞ്ചേമുക്കാൽ ലക്ഷം രൂപാ.

(എഫ്) അതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

MR. K. RAMAKRISHNA PILLAI : തിരുവിതാംകൂറിലെ ഉപ്പളങ്ങളുടെ ഉടമസ്ഥത എത്രയാളുകൾക്കാണുള്ളതെന്നറിയാമോ ?

HON'BLE MR. E. K. MADHAVAN : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. KANNARA GOPALA PANICKER (*Thiruvalla II—General*) : ഉപ്പുവ്യവസായം ഭേദിയമാക്കാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

HON'BLE MR. E. K. MADHAVAN : അങ്ങനെ ഒരാലോചന ഇല്ലാതില്ല.

MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*) : തിരുവിതാംകൂറിലേക്കു് ഉപ്പു് ഇറക്കുമതി ചെയ്യുന്നുണ്ടോ ?

HON'BLE MR. E. K. MADHAVAN : ഇറക്കുമതി ചെയ്യുന്നില്ല.

യൂണിവേഴ്സിറ്റി.

*66 MR. K. RAMAKRISHNA PILLAI : താഴെ ചേർത്തിരിക്കുന്ന പോള്ളങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് പ്രൊഫസന്മാരുടെ ശമ്പളമെത്ര ?

(ബി) യൂണിവേഴ്സിറ്റിയിലെ പൗരസ്ത്യഭാഷാപ്രൊഫസറന്മാരുടെ ശമ്പളമെത്ര ?

HON'BLE MR. N. KUNJURAMAN : (എ) ൪൫൦-൫൦-൬൫൦ രൂപാ.

(ബി) ൩൫൦-൫൦-൪൫൦ രൂപാ.

MR. K. RAMAKRISHNA PILLAI : ഈ വ്യത്യസ്തപ്പെട്ട ശമ്പളസ്കെയിൽ ഏകീകരിക്കുന്നതിനു് ഗവണ്മെൻറിനു് ഭയമുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : അതിനെപ്പറ്റി ഗവണ്മെൻറു് ചിന്തിക്കുന്നുണ്ടു്.

MR. ABDUL AZIZ (*Trivandrum I—Muslim*) : പൗരസ്ത്യഭാഷാപ്രൊഫസറന്മാരുടെ ശമ്പളം ൩൫൦-൪൫൦ ആക്കിയതു എന്നാണെന്നു പറയാമോ ?

HON'BLE MR. N. KUNJURAMAN : ഫസ്റ്റ്-ഫിഫ്ത്ത്-ൽ ഉണ്ടായ റിവിഷൻ അനുസരിച്ചാണു് അവർക്കു് ഈ ശമ്പളസ്കെയിൽ ഉണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly